(സി) ഉണ്ട്. മന്ത്രിസഭയുടെ അംഗീകാരത്തോടെ സ്വകാര്യ എയ്ഡഡ് കോളേജിൽ നിന്നുള്ളയാളെ ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ ഡയറക്ടർ ആയി നിയമിച്ചിട്ടുണ്ട്.

(ഡി) ന്യൂനപക്ഷക്ഷേമവകുപ്പ് ഡയറക്ടറെ റെഗുലറൈസ് ചെയ്യുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

കൈപ്പാട് കൃഷി

135 (4170) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കൈപ്പാട് കൃഷി എത്ര ഏക്കർ സ്ഥലത്ത് നടത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ :

(ബി) കണ്ണൂർ കാസർഗോഡ് ജില്ലകളിലെ തീരദേശങ്ങളിൽ പ്രസ്തുത കൃഷി വ്യാപിപ്പിക്കുന്നതിന് വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി ആകെ 957 ഏക്കറിൽ കൈപ്പാട്കൃഷി നടത്തുന്നുണ്ട്.

(ബി) കൈപ്പാട് പ്രദേശത്തെ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനായി കെ.എൽ.ഡി.സി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കെ.എൽ.ഡി.സി. വിവിധ പഞ്ചായത്തുകളിലെ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾക്കായുള്ള എസ്റ്റിമേറ്റ് എടുത്തുവരുന്നുണ്ട്.

കണ്ണൂർ ജില്ലയിൽ കൃഷി ഓഫീസർ തസ്തിക

136 (4171) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ് മുതലായ തസ്തികകൾ അനുവദിക്കാത്ത എത്ര കൃഷിഭവനുകൾ നിലവിലുണ്ടെന്നും, അവ ഏതൊക്കെയാണെന്നും അറിയിക്കാമോ ;

(ബി) പ്രസ്തുത കൃഷി ഭവനുകളിൽ ഈ തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly